**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3254** **08-10-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി 36 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി 36 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതി നിലവിൽ 95 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. പുതിയ കാന നിർമ്മാണം, പഴയ കാനയുടെ പുനരുദ്ധാരണം, ഫുട്പാത്ത് പ്രവൃത്തികൾ, ഹാൻഡ് റെയിൽസ് പ്രവൃത്തികൾ, ബസ് ഷെൽട്ടർ സ്ഥാപിക്കൽ മുതലായ സിവിൽ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ തുടങ്ങിയ ഇലക്ട്രിക്കൽ പ്രവൃത്തികളാണ് ഇനി പ്രധാനമായും പൂർത്തീകരിക്കാനുള്ളത്. കൂടാതെ മഴമൂലം മാറ്റിവെച്ചിരുന്ന റോഡ് മാർക്കിംഗ്, സ്റ്റഡ് ഫിക്സിങ്ങ് എന്നീ പ്രവൃത്തികൾ പൂർത്തീകരണത്തോടടുത്തുകൊണ്ടിരിക്കുകയാണ്. മഴമൂലം മാറ്റിവെച്ചിരുന്ന 8 പാലങ്ങൾക്കു മുകളിലെ ബി.സി പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിലൂടെ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി കണക്ഷനും പരിപാലനവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി കണക്ഷനും പരിപാലനവും സംബന്ധിച്ച് നടത്തിയ യോഗത്തിൽ വിവിധ പഞ്ചായത്തുകൾ കൂടുതലായി സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ Foundation പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ലൈറ്റ് പോസ്റ്റിലേയ്ക്കുള്ള ഇലക്ട്രിക് കണക്ഷൻ എടുക്കുന്നതിനായി KSEB-യിലേയ്ക്ക് അപേക്ഷ നൽകുന്നതിനും സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനവും പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിനും Timer ഉപയോഗിച്ച് automatic ആയി പ്രവർത്തിക്കുന്ന തരത്തിൽ ലൈറ്റ് പോസ്റ്റ് സ്ഥാപിക്കുന്നതിനും യോഗം തീരുമാനിച്ചിരുന്നു. ആയതിനുള്ള നടപടികൾ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിനുശേഷം നടത്തുവാൻ സാധിക്കും. നിലവിൽ ലൈറ്റ് പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ പ്രവൃത്തി 2025 ഡിസംബർ മാസത്തോടുകൂടെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ